# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **21.12.2012-ൽ മറുപടിക്ക്**

**ചോദ്യം നം.3446**

## കേരള കാർഷിക സർവ്വകലാശാലയിൽ കാഷ്വൽ തൊഴിലാളി നിയമനം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ)കേരള കാർഷിക സർവ്വകലാശാലയിൽ കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിന് പ്രായോഗിക പരീക്ഷ നടത്തിയത് എന്നായിരുന്നു എന്നറിയിക്കാമോ; | എ) 05/01/2011 -മുതൽ 26/02/2011 വരെയുള്ള വിവിധ തീയതികളിലാണ് കാഷ്വൽ തൊഴിലാളി തെരഞ്ഞെടുപ്പ് കഴിഞ്ഞ കേന്ദ്രങ്ങളിൽ പ്രായോഗിക പരീക്ഷ നടത്തിയത്. |
| ബി) പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താത്തത് എന്തുകൊണ്ടാണെന്നും എന്ന് മുതൽ നടത്തുമെന്നും അറിയിക്കാമോ; | സി) മുൻ തീരുമാനമനുസരിച്ച് ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ഘട്ടം ഘട്ടമായി നിയമനം നടത്തുവാനും ഇതു സംബന്ധിച്ച് നിർദ്ദേശം അടുത്ത ഭരണസമിതിയിൽ കൊണ്ടുവരാനും തീരുമാനമെടുത്തസാഹചര്യത്തിൽ നിർദ്ദേശങ്ങൾ ഭരണസമിതിയുടെ പരിഗണനയ്ക്ക് കൊണ്ടുവരാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഭരണ സമിതി തീരുമാനത്തിന് വിധേയമായി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താനുള്ള നടപടികൾ ഉണ്ടാകുന്നതാണ്. |
| ഡി) പ്രസ്തുത വിഭാഗത്തിൽ ആകെ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ? | ഡി) ആകെ 248 ഒഴിവുകൾ ഉണ്ട്. |

**സെക്ഷൻ ആഫീസർ**